**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സിയിലെ പുനർനിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. ടി. തോമസ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കെ.എസ്. ആർ.ടി.സി. യിൽ പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ എത്ര പേരെ നേരിട്ട് നിയമിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണ നടപടികളുടെ ഭാഗമായി മാനേജീരിയൽ തസ്തികകളിൽ ചുവടെ ചേർത്തിരിക്കും പ്രകാരം കഴിഞ്ഞ ഒരു വർഷക്കാലം കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് ജനറൽ മാനേജർ - 2, സീനിയർ മാനേജർ - 1, മാനേജർ - 1, ഡെപ്യൂട്ടി മാനേജർ - 15, സ്പെഷ്യൽ ഓഫീസർ (ലാസ്റ്റ്) - 2, അക്കൗണ്ട്സ് എക്സിക്യൂട്ടീവ്സ് - 3, ജനറൽ മാനേജർ - 1, ഡെപ്യൂട്ടി ജനറൽ മാനേജർ - 1, ആകെ - 26. |
| (ബി) | ഇതിൽ മറ്റുസ്ഥാപനങ്ങളിൽ നിന്നും നിയമിക്കപ്പെട്ടവർ എത്രയെന്നും അവരുടെ മാതൃസ്ഥാപനം ഏതാണെന്നും കെ.എസ്.ആർ.ടി.സി. യിൽ ഇവർക്ക് നൽകുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമെന്നും വ്യക്തമാക്കാമോ; | (ബി) | കെ..എസ്.ആർ.ടി.സി.യിൽ കരാർ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം നിയമിതരായവർ വിവിധ സ്ഥാപനങ്ങളിൽ ജോലി നോക്കിയവരാണ്. ഓരോ തസ്തികകളുടെയും പ്രതിമാസ ശമ്പള വിവരം ചുവടെ ചേർക്കുന്നു. അസിസ്റ്റന്റ് ജനറൽ മാനേജർ - 75,000/- രൂപ, സീനിയർ മാനേജർ - 60,000/- രൂപ, മാനേജർ - 40,000/- രൂപ, ഡെപ്യൂട്ടി മാനേജർ - 40,000/- രൂപ, സ്പെഷ്യൽ ഓഫീസർ (ലാസ്റ്റ്) - 40,000/- രൂപ, അക്കൗണ്ട്സ് എക്സിക്യൂട്ടീവ്സ് - 15,000/- രൂപ, ജനറൽ മാനേജർ - 1,50,000/- രൂപ, ഡെപ്യൂട്ടി ജനറൽ മാനേജർ - 1,00,000/- രൂപ, |
| (സി) | കെ.എസ്.ആർ.ടി.സി. യിൽ നിന്നും പെൻഷൻ ആയവരിൽ ആർക്കെങ്കിലും പുനർനിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേരുകളും പെൻഷൻ ആകുന്നതിന് മുൻപ് വഹിച്ചിരുന്ന തസ്തികയും പുനർനിയമനം നൽകിയപ്പോൾ നൽകിയ തസ്തികയും ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | പുനർനിയമനം നൽകിയിട്ടില്ല. |
| (ഡി) | കെ-സ്വിഫ്റ്റിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരല്ലാത്ത എത്രപേരെ ഏതെല്ലാം തസ്തികയിൽ നിയമിച്ചുവെന്നും ഇവരുടെ | (ഡി) | കെ-സ്വിഫ്റ്റിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാരല്ലാത്ത താഴെപ്പറയുന്ന രണ്ടുപേരെ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ |

| | | | |
|---|---|---|---|
| | മാതൃസ്ഥാപനം ഏതെന്നും ഇവർക്ക് കെ.എസ്.ആർ.ടി.സി. നൽകി വരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | | അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവർ വിവിധ സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നോക്കിയിരുന്നവരാണ്. ശ്രീ. കെ.വി. രാജേന്ദ്രൻ, ജനറൽ മാനേജർ, 1,50,000/- രൂപ ശമ്പളം, ശ്രീ. എസ്. രവിശങ്കർ, ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), 1,00,000/- രൂപ ശമ്പളം |

സെക്ഷൻ ഓഫീസർ